# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 18 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ശബരിമല സ്ത്രീ പ്രവേശനം: നിരോധനമില്ല, ലളിതമായ നിയന്ത്രണങ്ങളെന്ന് വനിതാ കമ്മീഷൻ അംഗം

ശബരിമലയിൽ സ്ത്രീ പ്രവേശനം നിരോധിച്ചിട്ടില്ലെന്നും ലളിതമായ നിയന്ത്രണങ്ങൾ മാത്രമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വനിതാ കമ്മീഷൻ അംഗം ഡോ. പ്രമീളാദേവി പറഞ്ഞു. സന്നിധാനത്ത് ദർശനത്തിനെത്തിയ പ്രമീളാദേവി മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

ഇക്കാര്യത്തിൽ തനിക്ക് കൃത്യമായ കാഴ്ചപ്പാടുണ്ട്. ലളിതമായ നിയന്ത്രണങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. ന്യായമായ ഈ നിയന്ത്രണങ്ങൾ ഭക്തരായ എല്ലാ സ്ത്രീകൾക്കും മനസിലാകും. ബാല്യത്തിലും ജീവിതത്തിന്റെ മദ്ധ്യാഹ്ന കാലത്തും സത്രീകൾക്ക് അയ്യപ്പനെ കണ്ടു തൊഴാൻ സാധിക്കുന്നുണ്ട്. അയ്യപ്പനെ കാണാൻ അരനൂറ്റാണ്ട് കാത്തിരുന്ന ശേഷം വരുമ്പോഴുള്ള സന്തോഷം പറഞ്ഞറിയിക്കാനാവില്ല. ഇരുമുടിക്കെട്ട് തലയിലേന്തുമ്പോൾ ജീവിതം വ്യർത്ഥമായില്ലെന്ന ചിന്തയാണ് മനസിൽ നിറയുന്നത്.

ശബരിമലയുമായി ബന്ധപ്പെട്ട് എല്ലാക്കാലത്തും വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാ ശബരിമല സീസണിലും എന്തെങ്കിലും കോലാഹലങ്ങൾ ഉണ്ടാവും. എന്നാൽ ഈ കോലാഹലങ്ങൾക്ക് കവർന്നെടുക്കാനാവാത്ത തേജസാണ് അയ്യപ്പന്റേത്. തൃപ്തി ദേശായി ശബരിമലയിൽ വരുമെന്ന് പറയുന്നത് പബ്ളിസിറ്റി ഗിമ്മിക്കാണ്. നെഗറ്റീവ് പബ്ളിസിറ്റി ചില സമയങ്ങളിൽ പോസിറ്റീവ് പബ്ളിസിറ്റിയേക്കാൾ ശ്രദ്ധിക്കപ്പെടും. തൃപ്തി ദേശായിക്ക് സ്ത്രീ സമത്വം സാധ്യമാക്കാൻ ഇടപെടാവുന്ന മറ്റു നിരവധി മേഖലകൾ ഇന്ത്യയിലുണ്ട്. ശബരിമലയിൽ കയറുക എന്നതാണോ ഇവിടത്തെ സ്ത്രീകളുടെ പ്രധാന ആവശ്യം. സുരക്ഷിതമായി നടുറോഡിലൂടെ ഒറ്റയ്ക്ക് നടന്നു പോകാൻ സ്ത്രീയ്ക്ക് സാധിക്കണം. കുടുംബത്തിൽ സ്നേഹത്തോടെ കഴിയാൻ സാധിക്കണം. വിവാഹ കമ്പോളത്തിൽ വിലപേശപ്പെടുന്ന വസ്തുവാകാതിരിക്കണം. ഇങ്ങനെ നിരവധി ആവശ്യങ്ങൾ ഇന്ത്യൻ സ്ത്രീകൾക്കുണ്ട്. ക്ഷേത്രത്തിൽ പോകുക എന്നതാണ് ആഗ്രഹമെങ്കിൽ ഇവിടത്തെ മറ്റു ധർമ്മശാസ്താ ക്ഷേത്രങ്ങളിൽ പോകാമല്ലോ. ഒരു ആരാധനാലയത്തിൽ പോകുമ്പോൾ അവിടത്തെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. സ്ത്രീ പ്രവേശന വിഷയത്തിൽ താഴമൺ തന്ത്രി കുടുംബമാണ് അഭിപ്രായം പറയേണ്ടതെന്നും ഡോ. പ്രമീളാദേവി പറഞ്ഞു.

**വിദ്യാർത്ഥിനികൾക്ക് നേരേയുള്ള അതിക്രമങ്ങൾ അന്വേഷിക്കും**

സംസ്ഥാനത്തെ വിവിധ കോളേജുകളിൽ വിദ്യാർത്ഥിനികൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ വനിതാ കമ്മീഷൻ ഉത്തരവിട്ടതായി അംഗം ഡോ. പ്രമീളാദേവി പ

റഞ്ഞു. വിദ്യാർത്ഥിനികളുടെ മൊഴിയെടുക്കാൻ വനിതാ കമ്മീഷന്റെ അന്വേഷണ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തന്റെ പരിധിയിലുള്ള കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകളിൽ നേരിട്ട് അന്വേഷിക്കുമെന്നും ശക്തമായ നടപടിക്ക് സർക്കാരിനോട് ശുപാർശ ചെയ്യുമെന്നും അംഗം പറഞ്ഞു.

# ശബരിമലയിലെ ഡിജിറ്റൽ പണമിടപാട്: സന്നിധാനത്തെ എ ടി എമ്മുകളിൽ നിന്ന് പിൻവലിച്ചത് 18.6 കോടി രൂപ

- **പമ്പയിൽ 4.62 കോടി രൂപ**

മണ്ഡല മകരവിളക്കു കാലത്ത് ശബരിമലയിലെ എ ടി എമ്മുകൾ, ഇ കാണിക്ക, മറ്റു പ്രധാന സ്ഥലങ്ങളിലെ സ്വൈപിംഗ് മെഷീൻ എന്നിവ തീർത്ഥാടകർ പരമാവധി പ്രയോജനപ്പെടുത്തി. സന്നിധാനത്തെ എ. ടി. എമ്മുകളിൽ നിന്ന് ഈ സീസണിൽ ഇന്നലെ (17) വരെ 18.6 കോടി രൂപയാണ് പിൻവലിക്കപ്പെട്ടത്. ധനലക്ഷ്മി ബാങ്കിന്റെ നാലു എ. ടി. എമ്മുകളും സ്റ്റേറ്റ് ബാങ്കിന്റെ ഒരു എ. ടി എമ്മുമാണ് ഇവിടെയുള്ളത്. പമ്പയിലെ ധനലക്ഷ്മി ബാങ്കിന്റെ രണ്ടു എ. ടി. എമ്മുകളും സ്റ്റേറ്റ് ബാങ്കിന്റെ എ. ടി. എമ്മും പ്രയോജനപ്പെടുത്തി 4.62 കോടി രൂപ തീർത്ഥാടകർ പിൻവലിച്ചു. ധനലക്ഷ്മി ബാങ്കിന്റെ സന്നിധാനത്തെ എ. ടി. എമ്മുകളിൽ നിന്ന് 15.6 കോടി രൂപയാണ് പിൻവലിച്ചത്. സ്റ്റേറ്റ് ബാങ്ക് എ. ടി. എമ്മിൽ നിന്ന് മൂന്നു കോടി രൂപയും പിൻവലിച്ചു.

നോട്ടുനിരോധനം തീർത്ഥാടനത്തെ ബാധിക്കാതിരിക്കാൻ ധനലക്ഷ്മി ബാങ്ക് സന്നിധാനത്ത് കൂടുതൽ എ. ടി. എമ്മുകൾ ആരംഭിച്ചിരുന്നു. ബാങ്കിനു മുന്നിലുള്ള എ. ടി. എമ്മിനു പുറമെ വലിയ നടപ്പന്തൽ, മാളികപ്പുറം, തിരുമുറ്റം എന്നിവിടങ്ങളിലായിരുന്നു എ. ടി. എമ്മുകൾ. 1.20 ലക്ഷം തീർത്ഥാടകർ സന്നിധാനത്തെയും 24,000 പേർ പമ്പയിലെയും എ. ടി. എമ്മുകൾ ഉപയോഗിച്ചു. ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനായി ഇ കാണിക്കയും സന്നിധാനം, മാളികപ്പുറം, അന്നദാന മണ്ഡപത്തിന് സമീപം എന്നിവിടങ്ങളിൽ സ്വൈപിംഗ് മെഷീനുകളും സ്ഥാപിച്ചിരുന്നു. 20 ശതമാനം തീർത്ഥാടകർ ഇത് പ്രയോജനപ്പെടുത്തി. ദേവസ്വം ബോർഡിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ് സോപാനത്തിൽ ഇ കാണിക്ക സൗകര്യം ഏർപ്പെടുത്തിയത്. സ്വൈപിംഗ് മെഷീൻ ഉപയോഗിച്ച് തുകയുടെ രസീത് പ്രിന്റ് ചെയ്ത് കാണിക്കയിടുന്ന ഈ സൗകര്യം നോട്ടുകൾ ആവശ്യത്തിന് കൈവശം കരുതാൻ സാധിക്കാതെ വന്നവർക്ക് സൗകര്യമായി.

സീസണിന്റെ തുടക്കത്തിൽ പഴയ നോട്ടുകൾ മാറ്റി നൽകുന്നതിനും ബാങ്കുകൾ വിപുലമായ സൗകര്യം ഏർപ്പെടുത്തിയിരുന്നു. ധനലക്ഷ്മി ബാങ്ക് ഇതിനായി രണ്ടു കൗണ്ടറുകളാണ് തുറന്നത്. ആറു കോടി രൂപയുടെ ചില്ലറയും കരുതിയിരുന്നു. നിരോധിച്ച നോട്ടുകൾ അയ്യപ്പന് കാണിക്കായായി ഭക്തർ അർപ്പിച്ചില്ല എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. വളരെ അപൂർവമായാണ് നിരോധിച്ച നോട്ടുകൾ കാണിക്കയിൽ നിന്ന് ലഭിച്ചത്.

സ്റ്റേറ്റ് ബാങ്കിൽ 470 പുതിയ അക്കൗണ്ടുകളും ഈ ഉത്സവകാലത്ത് ആരംഭിച്ചു. സാനിട്ടേഷൻ സൊസൈറ്റിയിലെ തൊഴിലാളികൾക്ക് ഇത്തവണ വേതനം ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നതെന്ന പ്രത്യേകതയുമുണ്ട്. ധനലക്ഷ്മി ബാങ്കിന്റെ 150 ഓളം ജീവനക്കാരാണ് സന്നിധാനത്ത് പ്രവർത്തിച്ചത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 18 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### തീർത്ഥാടകർക്ക് അഞ്ച് മണിക്കു ശേഷം പ്രവേശനമില്ല

ശബരിമല തീർത്ഥാടകരെ ഇന്ന് (19) വൈകിട്ട് അഞ്ച് മണിക്ക് ശേഷം പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് കടത്തി വിടില്ലെന്ന് ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ അറിയിച്ചു. കുംഭമാസ പൂജയ്ക്ക് നട തുറക്കുന്ന 12ന് ഉച്ചയ്ക്ക് മൂന്നു മണിക്ക് ശേഷം മാത്രമേ ഇനി തീർത്ഥാടകർക്ക് സന്നിധാനത്തേക്ക് പ്രവേശനമുള്ളൂ.

### എക്സൈസ് വകുപ്പ് 4.12 ലക്ഷം രൂപ പിഴ ഈടാക്കി

ശബരിമല മണ്ഡല മകരവിളക്ക് കാലയളവിൽ സന്നിധാനത്ത് എക്സൈസ് വകുപ്പ് 4.12 ലക്ഷം രൂപ പിഴ ഈടാക്കിയതായി സർക്കിൾ ഇൻസ്പെക്ടർ അറിയിച്ചു. 2060 കേസുകൾ എടുത്തു. സിഗരറ്റ്, ബീഡി എന്നിവയുടെ 2750 പാക്കറ്റുകളും 2.5 കിലോഗ്രാം പുകയിലയും 900 പാക്കറ്റ് പാൻമസാലയും പിടികൂടി നശിപ്പിച്ചു. കൊപ്രാക്കളം, ശരംകുത്തി, മരക്കൂട്ടം, ശബരിപീഠം, ബെയ്‌ലിപാലം, ഭസ്മക്കുളം, പാണ്ടിത്താവളം, ഉരക്കുഴി, പുല്ലുമേട് വഴി എന്നിവിടങ്ങളിലാണ് പ്രധാനമായും പരിശോധന നടത്തിയത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 18 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## ശബരിമല സേഫ് സോൺ മാതൃകയിൽ
## സേഫ് കേരള പദ്ധതി പരിഗണനയിൽ

മോട്ടോർ വാഹന വകുപ്പ് സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹകരണത്തോടെ ശബരിമലയിൽ നടപ്പാക്കുന്ന സേഫ് സോൺ പദ്ധതി വിജയമായതോടെ ഇതിന്റെ മാതൃക പിൻതുടർന്ന് സേഫ് കേരള പദ്ധതി പരിഗണനയിൽ. സേഫ് കേരള നടപ്പാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സേഫ് സോൺ പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായ പി. ഡി. സുനിൽബാബുവിനെ ഗതാഗത വകുപ്പ് സെക്രട്ടറി ചുമതലപ്പെടുത്തി. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലൊന്നാണ് ശബരിമല സേഫ് സോൺ പദ്ധതി.

കഴിഞ്ഞ ഏഴു വർഷമായി മോട്ടോർ വാഹന വകുപ്പ് ശബരിമലയിൽ സേഫ് സോൺ പദ്ധതി നടപ്പാക്കുന്നു. ശബരിമല പാതയിൽ വാഹന അപകട നിരക്ക് മുൻ വർഷത്തേക്കാൾ 25 ശതമാനം കുറഞ്ഞതായി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഈ വർഷം 5400 തീർത്ഥാടക വാഹന ബ്രേക്ക്ഡൗണുകളാണ് സേഫ് സോൺ പദ്ധതിയിൽ പരിഹരിച്ചത്. നിലയ്ക്കലിലെയും പമ്പയിലെയും പാർക്കിംഗ് സ്ഥലത്തെ 4000 ത്തോളം വാഹനങ്ങൾ ഉദ്യോഗസ്ഥരുടെയും മെക്കാനിക്കുകളുടെയും നേതൃത്വത്തിൽ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കി. ചെറുതും വലുതുമായ 215 അപകടങ്ങളിലും മോട്ടോർ വാഹന വകുപ്പ് സഹായവുമായെത്തി. വാഹനത്തിന്റെ കേടുപാടുകൾ തീർത്തതിനൊപ്പം പരിക്കേറ്റവരെ ആംബുലൻസുകളിൽ വിവിധ ആശുപത്രികളിലുമെത്തിച്ചു. ശബരിമല സീസൺ ആരംഭിക്കുന്നതിനു മുൻപ് ട്രാൻസ്പോർട്ട് കമ്മീഷണർ അനന്തകൃഷ്ണൻ വിവിധ സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർക്ക് വാഹനങ്ങളുടെ ക്ഷമത ശ്രദ്ധിക്കേണ്ടതു സംബന്ധിച്ച് കത്ത് അയച്ചിരുന്നു. കൂടാതെ മൂന്ന് തവണ അദ്ദേഹം ശബരിമലയിലെ വകുപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താനെത്തി. ഗതാഗത വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രനും നേരിട്ടെത്തി കാര്യങ്ങൾ വിലയിരുത്തി. ശബരിമല സീസൺ അവസാനിക്കുന്ന വേളയിൽ മോട്ടോർ വാഹന വകുപ്പിന്റെയും കെ. എസ്. ആർ. ടി. സിയുടെയും പ്രവർത്തനങ്ങളെ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അഭിനന്ദിച്ചു.

മോട്ടോർ വാഹന വകുപ്പിന്റെ 14 സ്ക്വാഡുകളാണ് സേഫ് സോണിൽ ഉൾപ്പെട്ട 400 കിലോമീറ്റർ പാതയിൽ പട്രോളിംഗ് നടത്തിയത്. മകരവിളക്ക് ദിവസം 70 അധിക സ്ക്വാഡുകളും രംഗത്തുണ്ടായിരുന്നു. 36 മണിക്കൂർ തുടർച്ചയായാണ് ഈ സ്ക്വാഡുകൾ മകരവിളക്കിന് പ്രവർത്തിച്ചത്. ഇത്തവണ നാലു ലക്ഷം കിലോമീറ്ററാണ് വകുപ്പിന്റെ വാഹനങ്ങൾ പട്രോളിംഗ് നടത്തിയത്. വാഹനങ്ങളുടെ നീക്കം ശ്രദ്ധിച്ച് റോഡിൽ ബ്ളോക്കും അപകടവും ഉണ്ടാവാതെ സൂക്ഷിക്കുകയാണ് സേഫ് സോൺ പദ്ധതിയുടെ ലക്ഷ്യം. 30 വാഹന നിർമ്മാതാക്കളുടെ സഹകരണവും 150 മെക്കാനിക്കുകളുടെ സേവ

നവും മോട്ടോർ വാഹന വകുപ്പിന് ലഭിച്ചു. 60 റിക്കവറി വാഹനങ്ങളും ക്രെയിനുകളും ആംബുലൻസുകളും ഉണ്ടായിരുന്നു. പട്രോളിംഗ് വാഹനങ്ങളിൽ ജി. പി. എസ് സംവിധാനവും കാമറകളും ഘടിപ്പിച്ചിരുന്നു. കൂടാതെ സുരക്ഷിത യാത്ര സംബന്ധിച്ച് ആറു ഭാഷകളിൽ ലഘുലേഖകൾ തയ്യാറാക്കി തീർത്ഥാടക വാഹനങ്ങളിൽ നൽകി. കൊടും വളവുകളിൽ എതിർ ദിശയിൽ നിന്നു വരുന്ന വാഹനം കാണാൻ റോഡിൽ കണ്ണാടികളും സ്ഥാപിച്ചിരുന്നു.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 18 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ദർശനം ഇന്നുകൂടി(19) : സന്നിധാനത്ത് തിരക്ക് കുറഞ്ഞു

ശബരിമലയിൽ തീർത്ഥാടകർക്ക് ദർശനത്തിനുള്ള അവസരം ഇന്നുകൂടി മാത്രം. രാത്രി 10 മണി വരെയാണ് തീർത്ഥാടകർക്ക് ദർശനം. തുടർന്ന് മാളികപ്പുറത്തെ മണിമണ്ഡപത്തിൽ ഗുരുതി നടക്കും. നെയ്യഭിഷേകം ഇന്നലെ (18) 10 മണിയോടെ അവസാനിച്ചു. തുടർന്ന് ഉച്ചയ്ക്ക് കളഭാഭിഷേകം നടന്നു. പന്തളം രാജപ്രതിനിധി പി. ജി. ശശികുമാര വർമ്മയുടെ സാന്നിധ്യത്തിലാണ് കളഭാഭിഷേകം നടന്നത്. മാളികപ്പുറം മണിമണ്ഡപത്തിൽ കളമെഴുത്തും മാളികപ്പുറത്തമ്മയുടെ എഴുന്നള്ളത്തും ഇന്നലെ പൂർത്തിയായി.

മണ്ഡല-മകരവിളക്ക് തീർത്ഥാടനം പൂർത്തിയാക്കി നാളെ (20) രാവിലെ തിരുനട അടയ്ക്കും. നെയ്യഭിഷേകം അവസാനിച്ചതോടെ സന്നിധാനത്ത് തീർത്ഥാടകർ കുറവായിരുന്നു. പരാതിരഹിതവും അപകടരഹിതവുമായ ഒരു തീർത്ഥാടനകാലത്തിന് ചുക്കാൻ പിടിച്ചുവെന്ന സംതൃപ്തിയോടെയാണ് പോലീസ്, ഫയർഫോഴ്സ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, എൻഡിആർഎഫ്, വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ, ദേവസ്വം ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർത്തകർ തുടങ്ങിയവർ മലയിറങ്ങുന്നത്.

